(ബി) ഇവയുടെ സമ്പാദനം, ഉല്പാദനം, കൈവശം വയ്ക്കൽ, ആദായം എടുക്കൽ, കയറ്റുമതി എന്നിവയ്ക്ക് കേന്ദ്ര ആണവോർജ്ജ വകുപ്പിന്റെ ലൈസൻസ് ആവശ്യമാണോ;

(സി) സംസ്ഥാനത്തുള്ള കരിമണലിൽ 1962-ലെ ആണവോർജ്ജ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള പ്രിസ്ക്രൈബ്ഡ് സബ്സ്റ്റൻസ് അടങ്ങിയിട്ടുണ്ടോ?

ഉത്തരം

(എ) മോണോസൈറ്റ്, ഇൽമനൈറ്റ്, റൂട്ടയിൽ, സിർക്കൺ, ലൂക്കോക്സിൻ, സിലിമനൈറ്റ് എന്നീ ധാതുക്കളും മറ്റ് ആണവശേഷിയുള്ള പദാർത്ഥങ്ങളും ആണവോർജ്ജ ചട്ടപ്രകാരമുള്ള പ്രിസ്ക്രൈബ്ഡ് സബ്സ്റ്റൻസ് ആകുന്നു.

(ബി) ആവശ്യമാണ്.

(സി) ഉണ്ട്.

കയർ കൈത്തറി ഡയറക്ടറേറ്റുകൾ വിപുലീകരിക്കാൻ നടപടി

30 [5586] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള പ്രത്യേക വകുപ്പുകളായ കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, കയർ വികസന ഡയറക്ടറേറ്റ് എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാരിന്റെ ഭരണ നവീകരണ പരിപാടിയിൽ എന്തൊക്കെ ശുപാർശകളാണുള്ളത്;

(ബി) ഈ ശുപാർശകളിൻമേൽ സർക്കാർ നയപരമായ തീരുമാനം എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) കയർ കൈത്തറി മേഖലയുടെ സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താവുന്ന തരത്തിൽ ഡയറക്ടറേറ്റുകൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഭരണ നവീകരണ പരിപാടി (എം. ജി. പി.)യിൽ പ്രസ്തുത ശുപാർശകൾ ഒന്നും നൽകിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇപ്പോൾ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly